2060 11/6/14

**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 2060** **17.06.2014-ൽ മറുപടിയ്ക്ക്**

# കേബിൾ ടി. വി. കമ്പനികളിൽ നിന്ന് ഈടാക്കുന്ന വൈദ്യുതി പോസ്റ്റ് വാടക.

<u>ചോദ്യം</u>

ശ്രീ. എം. ഹംസ :

<u>ഉത്തരം</u>

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പു മന്ത്രി)

(എ) സംസ്ഥാനത്ത് കേബിൾ ടി. വി കമ്പനികൾ ഇലക്ട്രിക്കൽ പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ടോ ; ഉണ്ടെങ്കിൽ എത്ര പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ട് ; ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് വ്യക്തമാക്കാമോ ; ഇതിനായി കെ. എസ്. ഇ. ബി ഫീസ് ചുമത്തുന്നുണ്ടോ ?

(എ) ഉണ്ട്. സംസ്ഥാനത്ത് കേബിൾ ടി. വി. കമ്പനികൾ 11,69,609 വൈദ്യുതി പോസ്റ്റുകൾ ഉപയോഗിക്കുന്നുണ്ട്. അവയുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു. വൈദ്യുതി പോസ്റ്റുകൾ ഉപയോഗിക്കുന്നതിന് കെ. എസ്. ഇ. ബി വാടക ഈടാക്കുന്നുണ്ട്.

| | ജില്ലയുടെ പേര് | പോസ്റ്റുകളുടെ എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 132679 |
| 2. | കൊല്ലം | 96827 |
| 3. | പത്തനംതിട്ട | 84655 |
| 4. | കോട്ടയം | 60143 |
| 5. | ഇടുക്കി | 20325 |
| 6. | ആലപ്പുഴ | 68350 |
| 7. | എറണാകുളം | 186679 |
| 8. | തൃശ്ശൂർ | 220633 |
| 9. | പാലക്കാട് | 84562 |
| 10. | മലപ്പുറം | 58620 |
| 11. | കോഴിക്കോട് | 76679 |
| 12. | വയനാട് | 13306 |
| 13. | കണ്ണൂർ | 51348 |
| 14. | കാസർഗോഡ് | 14803 |

(ബി) ഓരോ കേബിൾ കമ്പനി ഓപ്പറേറ്റർമാരിൽ നിന്നും വർഷത്തിൽ എന്ത് തുക ഈടാക്കുന്നു ; വിശദാംശം ലഭ്യമാക്കാമോ ?

(ബി) വൈദ്യുതി പോസ്റ്റ് വഴി കേബിൾ വലിക്കുന്നതിന് 01-04-2011 മുതൽ പുതിയതായി കരാറിലേർപ്പെടുന്ന വർക്കും നിലവിലുള്ള കരാർ പുതുക്കുന്നവർക്കും നഗര പരിധിയിൽ/പ്രാന്ത പ്രദേശങ്ങളിൽ പോസ്റ്റൊന്നിന് ഒരു വർഷത്തേക്ക് 311/- രൂപയും ഗ്രാമ പ്രദേശങ്ങളിൽ അതിൻെറ പകുതിയുമാണ് വാടകയായി 25-02-2012 ലെ ബോർഡ് ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ളത്. വാടക നിരക്കിൽ പ്രതിവർഷം 5% വർദ്ധനവും നിശ്ചയിച്ചിട്ടുണ്ട്. സർവീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്. ഓരോ കേബിൾ ടി. വി ഓപ്പറേറ്റർമാരിൽ നിന്നും 2013-14 സാമ്പത്തിക വർഷത്തിൽ ഈടാക്കിയ തുകയുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ.**

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്